പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1161 05.03.2020-ൽ മറുപടിക്ക്

വേങ്ങൂരിലെ ഭൂമി കൈവശക്കാർക്ക് പട്ടയം

ചോദ്യം

ഉത്തരം

ശ്രീ.മുല്ലക്കര രത്നാകരൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ചടയമംഗലം മണ്ഡലത്തിലെ വേങ്ങൂർ ഭൂമി കൈവശക്കാർക്ക് പട്ടയം നൽകാനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പട്ടയ വിതരണം സംബന്ധിച്ച് നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ? വേങ്ങൂരിലെ കൈവശക്കാർക്ക് എത്രയും വേഗം പട്ടയം വിതരണം ചെയ്യുമോ ?

(എ) & (ബി) കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ മുൻ സർവ്വേ നം.185/1-ൽപ്പെട്ട 64.55 ഹെക്ടർ കൃഷിയുക്ത വനഭൂമി ജി.ഒ (എം.എസ്) നം.162/70/അഗ്രി തീയതി 04.01.1970 നമ്പർ ഉത്തരവ് പ്രകാരം വിമുക്ത ഭടൻമാർക്ക് വിതരണം ചെയ്യുന്നതിന് റവന്യൂ വകുപ്പിന് കൈമാറി നൽകിയിരുന്നു. ഇത്തരത്തിൽ ലഭിച്ച ഭൂമി ജില്ലാ കളക്ടർ നറുക്കെടുപ്പിലൂടെ 75 ഗുണഭോക്താക്കൾക്ക് 1974-ൽ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ സമീപവാസികളുടെ അനധികൃത കൈയേറ്റത്തെ തുടർന്ന് അനുവദിച്ച നൽകിയ ഭൂമി ബന്ധപ്പെട്ട കക്ഷികൾക്ക് ഏറ്റെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് നിലവിൽ കയ്യേറി കൈവശം വച്ചിരിക്കുന്നവരുടെ കൈവശം തിട്ടപ്പെടുത്തി പതിച്ച് നൽകുവാൻ സർക്കാർ തലത്തിൽ നീക്കങ്ങൾ ആരംഭിച്ചപ്പോൾ 1974-ലെ ജില്ലാ കളക്ടറുടെ ഉത്തരവിലൂടെ ഭൂമി ലഭിച്ച 23 പേർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി 9960/82(ഡി) നമ്പർ കേസിലെ 28.08.1986-ലെയും ഒ.പി 1366/88-ാം നമ്പർ കേസിലെ 1988-ലെ ഉത്തരവിലൂടെയും കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി പട്ടയ കക്ഷികൾക്ക് നൽകുന്നതിന് വിധി ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ടി സ്ഥലത്ത് കൈയ്യേറ്റക്കാർ വീടുകളും മറ്റും വച്ച് കുടുംബമായി താമസിക്കുന്നതിനാലും മറ്റ് കാരണങ്ങളാലും കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനോ കോടതി വിധിപ്രകാരം ഭൂമി നൽകുന്നതിനോ സാധിച്ചിട്ടില്ലാത്തതാണ്. തുടർന്ന് ഭൂമി അനുവദിക്കപ്പെട്ട 6 പേർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി 18980/02 നമ്പർ കേസിൽ 06.08.2007-ൽ പുറപ്പെടുവിച്ച വിധിയിൽ 04.01.1970-ലെ ജി.ഒ (എം.എസ്) 162/70/ അഗ്രി ഉത്തരവ് പ്രകാരം ഭൂമി അനുവദിച്ചിരുന്ന വ്യക്തികൾക്ക് പകരം ഭൂമി അനുവദിച്ച് കൊണ്ടോ നിലവിൽ അനധികൃത കൈയ്യേറ്റം ഒഴിപ്പിച്ച് കൊണ്ടോ ബന്ധപ്പെട്ട കക്ഷികൾക്ക് ഭൂമി നൽകണമെന്ന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതികക്ഷികളിൽ ജീവിച്ചിരിക്കുന്ന 4 പേർക്കും മരിച്ചു പോയ 2 പേരുടെ നിയമാനുസൃത അവകാശികൾക്കുമായി കൊട്ടാരക്കര താലൂക്കിൽ കടക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 47-ൽ റീസർവ്വെ

153/2 -ൽപ്പെട്ട 1.44.90 ഹെക്ടർ ഭൂമിയിൽ നിന്നും 50 സെന്റ് വീതം പതിച്ചു നൽകിയിട്ടുള്ളതാകുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി 18980/2002 ന്മേലുള്ള വിധി പ്രകാരം ശേഷിക്കുന്ന 17 പേർക്ക് 50 സെന്റ് ഭൂമി വീതം 8.5 ഏക്കർ ഭൂമി കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ ബ്ലോക്ക് 29-ൽ റീസർവ്വേ 304/10, 277/1, 313, 278, 298, 304/3 എന്നീ സർവ്വെ നമ്പരുകളിൽ കണ്ടെത്തിയിട്ടുള്ളതുമാണ്. ടി ഹൈക്കോടതി ഉത്തരവ് പ്രകാരം 17 പേർക്ക് ഭൂമി അനുവദിച്ചു നൽകുന്നതിന് നിലവിലുള്ള 55 സെന്റിൽ കൂടുതൽ ഭൂമിയുള്ള മറ്റ് കൈവശക്കാരിൽ നിന്നു ഭൂമി ഏറ്റെടുത്തിട്ടുള്ളതുമാണ്.

കൊല്ലം ജില്ലാ കളക്ടർ ഇളമാട് വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തിയതിൽ 674 കൈവശക്കാരുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. കൈവശ കക്ഷികളിൽ നിന്നും ഏറ്റെടുത്ത് കക്ഷികൾക്ക് കൈമാറി നൽകേണ്ട ഭൂമിക്കും നിലവിലെ കൈവശ കക്ഷികൾക്കും നിയമാനുസൃതം പട്ടയം അനുവദിക്കുന്നതിനും അതിനാവശ്യമായ സർക്കാർ ഉത്തരവ് സമ്പാദി ക്കുന്നതിനും ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷത യിൽ 21.08.2017, 25.09.2017 എന്നീ തീയതികളിൽ ചേർന്ന യോഗ തീരുമാനങ്ങൾ പ്രകാരം മന്ത്രിസഭാ തീരുമാനത്തിനായി വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി 18980/2002 ന്മേലുള്ള ഉത്തരവ് അനുസരിച്ച് ഭൂമി അനുവദിച്ചിരുന്ന വ്യക്തികൾക്ക് പകരം ഭൂമി അനുവദിച്ചു കൊണ്ടോ അല്ലെങ്കിൽ നിലവിലുള്ള അനധികൃത കൈയ്യേറ്റം ഒഴിപ്പിച്ചു കൊണ്ടോ ബന്ധപ്പെട്ട കക്ഷികൾക്ക് ഭൂമി നൽകേണ്ടതായുണ്ട്. ആയതിനാൽ ടി ഉത്തരവ് പാലിക്കുന്നതിലേയ്ക്കായി പരാതിക്കാർക്കും മറ്റു ഗുണഭോക്താക്കളിൽ മുമ്പ് കടയ്ക്കൽ വില്ലേജിൽ 50 സെന്റ് വീതം വസ്തു നൽകിയ 6 പേർ ഒഴികെ ശേഷിക്കുന്ന 17 പേർക്ക് 50 സെന്റ് വീതം കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 29-ൽ റീസർവ്വേ 304/10, 277/1, 313, 278, 298, 304/3 എന്നിവയിൽപ്പെട്ട സ്ഥലത്ത് നിന്ന് ഭൂമി കണ്ടെത്തിയിട്ടുള്ളതും, ടിയാളുകൾക്ക് ടി സ്ഥലത്ത് പട്ടയം നൽകുന്ന തിനോടൊപ്പം ടി സർവ്വേ നമ്പരിലുള്ള ബാക്കി വരുന്ന ഭൂമിയിൽ നിലവിലുള്ള 674 കൈവശക്കാർക്ക് കൂടി പട്ടയം നൽകുന്ന വിഷയം സർക്കാർ സജീവമായി പരിശോധിച്ച് വരികയാണ്. ഉടൻതന്നെ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**